**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1603** **19-09-2025 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ നെല്ലനാട് വില്ലേജിലെ കുളം പുറമ്പോക്ക് ഭൂമിയിലെ താമസക്കാർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിലെ നെല്ലനാട് വില്ലേജിലുൾപ്പെട്ട കുളം പുറമ്പോക്ക് ഭൂമിയിലെ താമസക്കാരായ 6 കുടുംബങ്ങൾക്ക് പട്ടയം നൽകുന്ന നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | നെല്ലനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 35-ൽ റീസർവ്വെ 245/1-ൽ ഉൾപ്പെട്ട കുളം പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്നതിനായി 6 കുടുംബങ്ങളുടെ അപേക്ഷ ലഭ്യമായിരുന്നു. പതിവ് അപേക്ഷകളിലെ ന്യൂനത പരിഹരിച്ചും, പ്രസ്തുത ഭൂമിയിൽ കുളം (മക്കാംകോണം ചിറ) സ്ഥിതി ചെയ്യുന്നതിനാൽ ഓരോ കൈവശത്തിനും കുളത്തിൽ നിന്നുള്ള ദൂരം രേഖപ്പെടുത്തി, കൈവശ ഭൂമി ഇനം മാറ്റുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതിലേയ്ക്ക് വിശദമായ ശുപാർശ അനുബന്ധ രേഖകൾ സഹിതം സമർപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത ഭൂമി ഡീവെസ്റ്റ് ചെയ്യുന്നതിനുള്ള നടപടിക്രമം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11.12.2024 തീയതിയിൽ ചേർന്ന യോഗത്തിൽ കുളം പുറമ്പോക്ക് ഭൂമികൾ ഡിവൈസ്റ്റ് ചെയ്യാൻ സാധിക്കില്ലെന്നും കുളം സ്ഥിതി ചെയ്യുന്ന ഭൂമികളിൽ, ജലസ്രോതസിൽ നിന്നും ചട്ടപ്രകാരമുള്ള ദൂരം പാലിക്കുന്ന ഭൂമികൾ ഇനം മാറ്റി പതിച്ചു നൽകാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ അർഹരായ കൈവശക്കാർക്ക് ഇനം മാറ്റി പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ